**കണ്ണൂർ സർവ്വകലാശാല**

**(സിംഗിൾ വിൻഡോ )**

അക്കാഡ്/SWC/6734/2020 (I) കണ്ണൂർ, ,തീയതി: 19.11.2020

**<u>പ്രസിദ്ധീകരണത്തിന്</u>**

**<u>കണ്ണൂർ സർവ്വകലാശാല ബിരുദ പ്രവേശനം: ഗവൺമെൻറ്/ എയ്ഡഡ് കോളേജുകളിലെ സ്പോട്ട് അഡ്മിഷൻ നവംബർ 24,25ന്</u>**

ഗവൺമെൻറ്/ എയ്ഡഡ് കോളേജുകളിലെ ഒഴിവുകളിലേക്ക് (എസ്.സി/എസ്.ടി ഉൾപ്പെടെയുള്ള) നവംബർ 24, 25 തീയതികളിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. വിവിധ കാരണങ്ങളാൽ അലോട്മെൻ്റിൽ നിന്ന് പുറത്തായവർക്കും, നിലവിൽ പ്രവേശനം ലഭിച്ചവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. ഒഴിവുകളുടെ ലിസ്റ്റ് നവംബർ 21 മുതൽ വെബ്സൈറ്റിൽ ലഭിക്കുന്നതായിരിക്കും. സ്പോട്ട് അഡ്മിഷന് പങ്കെടുക്കാൻ താല്പര്യമുള്ള അപേക്ഷകർ അതാത് കോളേജുകളിൽ നവംബർ 23, 2 മണി വരെ ഓഫ് ലൈനായി അപേക്ഷ (സ്പോട്ട് അഡ്മിഷന് പരിഗണിക്കണമെന്ന ഫോൺ നമ്പർ സഹിതമുള്ള അപേക്ഷയും ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും) സമർപ്പിക്കേണ്ടതാണ്. നവംബർ 24ന് സർവകലാശാല, അതാത് കോളേജുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് കൈ മാറുന്നതാണ്. സ്പോട്ട് അഡ്മിഷന് അപേക്ഷ സമർപ്പിച്ചവരെ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനത്തിന് പരിഗണിക്കേണ്ടതാണ്. കോളേജ് അധികാരികൾ അർഹരായ വിദ്യാർഥികളെ ഫോൺ വഴി ബന്ധപ്പെടേണ്ടതാണ്.

ഇതിനകം പ്രവേശനം ലഭിച്ച അപേക്ഷകർ സ്പോട്ട് അഡ്മിഷൻ ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് ഹാജരായി പ്രവേശനം ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ മുമ്പ് പ്രവേശനം ലഭിച്ച കോളേജിൽ നിന്ന് ടിസി വാങ്ങേണ്ടതുള്ളൂ. മുമ്പ് ഓപ്ഷൻസ് നൽകിയ കോളേജുകളിൽ/ പ്രോഗ്രാമുകളിൽ മാത്രമാണ് അപേക്ഷകർക്ക് സ്പോട്ട് അഡ്മിഷന് അപേക്ഷിക്കാൻ സാധിക്കുന്നത്.

24,25 തിയ്യതികളിലെ സ്പോട്ട് അഡ്മിഷന് ശേഷം വീണ്ടും എസ്.സി/എസ്.ടി ഒഴിവുകളുണ്ടെങ്കിൽ മാനദണ്ഡങ്ങളനുസരിച്ച് മറ്റു വിഭാഗങ്ങളിൽനിന്ന് നികത്തേണ്ടതാണ്

**<u>കണ്ണൂർ സർവ്വകലാശാല ബിരുദ പ്രവേശനം: സെൽഫ് ഫിനാൻസിങ് കോളേജുകളിലെ സ്പോട്ട് അഡ്മിഷൻ നവംബർ 26,27, 30 ന്</u>**

സെൽഫ് ഫിനാൻസിങ് കോളേജുകളിലെ ബിരുദ പ്രവേശനത്തിന് നവംബർ 20, 21 തീയതികളിൽ മുമ്പ് നിശ്ചയിച്ചിരുന്ന സ്പോട്ട് അഡ്മിഷൻ നവംബർ 26, 27, 30 തീയതികളിലേക്ക് മാറ്റിയിരിക്കുന്നു. നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതായിരിക്കും.

ഒപ്പ്/-

രജിസ്ട്രാർ (i/c)

സ്വീകർത്താവ്:

1. PRO
2. Web Manager
3. IT Cell
4. Enquiry

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ